# വനിത ശിശുവികസന വകുപ്പ്
# സംയോജിത ശിശുസംരക്ഷണ പദ്ധതി (ICPS)
# ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് (DCPU)
# കാസറഗോഡ്

## 1 കുട്ടികളുടെ അവകാശങ്ങൾ

കുട്ടികൾ രാജ്യത്തിന്റെ അമൂല്യമായ സമ്പത്തും ഭാവിയുടെ വാഗ്ദാനങ്ങളുമാണ്. എല്ലാ രാജ്യങ്ങളും കുട്ടികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നിരവധി പദ്ധതികളും പരിപാടികളുമാണ് ആസൂത്രണം ചെയ്യുന്നത്. കുട്ടികൾക്കു വേണ്ടി മുതൽ മുടക്കുന്നത് തീർച്ചയായും രാജ്യത്തിന്റെ ഭാവിക്ക് പ്രയോജനം ചെയ്യും. സുരക്ഷിതമായ ബാല്യം ഓരോ കുട്ടിയുടെയും അവകാശമാണ്. ഇന്ത്യൻ ഭരണഘടനയും ഐക്യരാഷ്ട്ര സഭയും അത് ശരിവെയ്ക്കുകയും ഇതിനായി നിയമ നിർമ്മാണങ്ങളും ഉടമ്പടികളും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സാർവ്വലൗകികമായി അംഗീകരിക്കപ്പെട്ട കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് മനസ്സിലാക്കുക, ആവശ്യ സന്ദർഭങ്ങളിൽ കുട്ടികളെ സഹായിക്കുക എന്നത് ഓരോ പൗരന്റെയും കടമയാണ്.

## നമ്മുടെ ഭരണഘടനയും കുട്ടികളും

കുട്ടികളുടെ ബലഹീനാവസ്ഥയും സംരക്ഷിക്കപ്പെടാനുള്ള അവരുടെ അവകാശവും തിരിച്ചറിഞ്ഞ് നിർമ്മിക്കപ്പെട്ടിരിക്കുന്നതാണ് നമ്മുടെ രാജ്യത്തിന്റെ ഭരണഘടന. ഭരണഘടനയിലൽ കുട്ടികളുടെ സംരക്ഷണത്തിനായി അനുശാസിക്കുന്ന പ്രധാന ആർട്ടിക്കുകൾ താഴെ ചേർക്കുന്നു.

| ആർട്ടിക്കിൾ | വിശദീകരണം |
|---|---|
| 14 | തുല്യതയും തുല്യനിയമ സംരക്ഷണവും |
| 15 | വിവേചനങ്ങൾക്കെതിരെ സംരക്ഷണം |
| 15(3) | സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേക വ്യവസ്ഥകൾ |
| 19 (1) (എ) | തുല്യനീതി, അഭിപ്രായ സ്വാതന്ത്ര്യം |
| 21 | ജീവിക്കാനുള്ള അവകാശം |
| 21 (എ) | 6 മുതൽ 1 4 വയസ്സുവരെ സൗജന്യവും നിർബന്ധപൂർവ്വവുമായ വിദ്യാഭ്യാസം |
| 23 | ബാലവേലയിൽ നിന്നും ബാല ഭിക്ഷാടനത്തിൽ നിന്നും സംരക്ഷിക്കപ്പെടൽ |
| 24 | 14 വയസ്സിൽ താഴെയുള്ള ബാല വേല നിരോധനം |
| 39 (ഇ) | പ്രായത്തിനും ശേഷിക്കും ചേരാത്ത തൊഴിലുകളിൽ നിന്നുള്ള സംരക്ഷണം |

| | | |
|---|---|---|
| 39 (എഫ്) | | നല്ല സാഹചര്യവും ചൂഷണത്തിൽ നിന്നും അനാഥത്വത്തിൽ നിന്നുമുള്ള സംരക്ഷണം |
| 45 | | 6 വയസ്സിൽ താഴെയുള്ള കരുതലും വിദ്യാഭ്യാസവും |
| | | |

**ഐക്യരാഷ്ട്രസഭയുടെ കുട്ടികൾക്കായുള്ള അവകാശ ഉടമ്പടി**

1989 ൽ ഐക്യരാഷട്രസഭ അംഗീകരിച്ച കുട്ടികളുടെ സാർവ്വ ലൗകിക അവകാശ ഉടമ്പടി സുരക്ഷിത ബാലത്തിന് ഓരോ രാജ്യവും ഉറപ്പുവരുത്തേണ്ട അവകാശങ്ങളെക്കുറിച്ച് വ്യക്തമാക്കുന്നു. 1992 ൽ ഭാരതം ഈ ഉടമ്പടി അംഗീകരിച്ചു. ഈ ഉടമ്പടി പ്രകാരം 18 വയസ്സിനു താഴെയുള്ള എല്ലാ മനുഷ്യരെയും കുട്ടികളായി നിർവ്വചിച്ചിരിക്കുന്നു. പല നിയമങ്ങളിലും കുട്ടിയുടെ പ്രായം വ്യത്യസ്തമായ രീതിയിലാണ് നിർവ്വചിച്ചിരിക്കുന്നത്.

**കുട്ടികളുടെ അവകാശങ്ങൾ**

ഈ സാർവ്വലൗകിക അവകാശ ഉടമ്പടി, കുട്ടികളുടെ അവകാശങ്ങളെ പ്രധാനമായും നാലുമേഖലകളിലായി തരംതിരിച്ചിരിക്കുന്നു.

1. അതിജീവനം (Survival) 2. ഉന്നമനം (Development) 3 സംരക്ഷണം (Protection ) 4. പങ്കാളിത്വം (Participation)

**1. അതിജീവനാവകാശം :** പ്രധാനമായും ജീവിക്കുവാനുള്ള അവകാശം, മികച്ച പോഷകാഹാരത്തിനുള്ള അവകാശം വളർച്ചക്കാവശ്യമായ ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കുവാനുള്ള അവകാശം, ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനുള്ള അവകാശം തനിമയ്കകും ദേശീയതയ്ക്കുള്ള അവകാശം എന്നിവയാണ് ഈ ഭാഗം പ്രധാനമായും ഉൾക്കൊള്ളുന്നത്.

**2. ഉന്നമനാവകാശം :** വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ, പരിചരണം, വിശ്രമം, വിനോദം, സാസ്കാരിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുക തുടങ്ങിയ അവകാശങ്ങളാണ് ഉന്നമനാവകാശത്തിൽ പ്രതിപാദിക്കുന്നത്.

**3. സംരക്ഷണാവകാശം :** ഇക്കാലത്ത് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഈ അവകാശത്തിന്റെ പരിധിയിൽ പ്രധാനമായും ചൂഷണം, ദുരുപയോഗം, അവഗണന, മനുഷ്യത്വരഹിതമായ പെരുമാറ്റം, മറ്റു പ്രത്യേക സാഹചര്യങ്ങളായ യുദ്ധം, അടിയന്തിരാവസ്ഥ തുടങ്ങിയവയിൽ നിന്നുള്ള സംരക്ഷണം എന്നിവയെപ്പറ്റി സൂചിപ്പിക്കുന്നു.

**4. പങ്കാളിത്ത അവകാശം :** കുട്ടികൾക്ക് അവരുടെ അഭിപ്രായ പ്രകടനത്തിനുള്ള സ്വാതന്ത്ര്യം, അവർക്ക് ആവശ്യമുള്ള അറിവ് ലഭ്യമാക്കുക, അവരുടെ കാഴ്ചപ്പാടുകളെ വേണ്ട രീതിയിൽ പരിഗണിക്കുക, മതപരമായ

കാര്യങ്ങളിൽ സ്വാതന്ത്ര്യം ലഭ്യമാക്കുക തുടങ്ങിയ അവകാശങ്ങളെക്കുറിച്ച് ഈ ഭാഗം വിവരിക്കുന്നു.

**ദേശീയ നയങ്ങളും നിയമങ്ങളും**

കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിന് നമ്മുടെ രാജ്യത്തും സംസ്ഥാനത്തും ഒട്ടനവധി നിയമങ്ങളും നയങ്ങളും പരിപാടികളും നിലവിലുണ്ട്.

**എ. ദേശീയ നയങ്ങൾ**

ദേശീയ വിദ്യഭ്യാസ നയം 1956, 1986, വിഭന്നശേഷിയുള്ളവർക്കായുള്ള ദേശീയനയം 1985, ബാലവേല സംബന്ധിച്ച ദേശീയനയം 1987, ദേശീയ പോഷകാഹാര നയം 1993, ദേശീയ ആരോഗ്യനയം 1983, 2002, കുട്ടികൾക്കായുള്ള ദേശീയ പ്രമാണരേഖ 2004 കുട്ടികൾക്കുള്ള ദേശീയ നയം 1974, 2013 തുടങ്ങിയവ ഉദാഹരണങ്ങളാണ്.

**ബി. ദേശീയ നിയമങ്ങൾ**

ഫാക്ടറി നിയമം 1948, ഖനിനിയമം 1952, അസാൻമാർഗ്ഗിക വ്യാപാരം തടയൽ നിയമം, 1985, ബാലവേല നിരോധന നിയമം, 1986 പ്രീ—നാറ്റൽ ഡയഗ്നോസ്റ്റിക് ടെക്നിക് (നിയന്ത്രണവും ദുരുപയോഗം തടയലും) നിയമം 1994, ബാലനീതി നിയമം 2015, ബാലവകാശ സംരക്ഷണ കമ്മീഷനുകൾ ആക്ട് 2005, ബാലവിവാഹ നിരോധന നിയമം 2006, ലൈഗിംക അതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്ന നിയമം (POCSO Act) തുങ്ങിയ നിയമങ്ങൾ ഉദാഹരണമാണ്.

**ദേശീയ കർമ്മ പദ്ധതികൾ**

കുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിനുവേണ്ടി 1992, 2004, 2005 എന്നീ വർഷങ്ങളിൽ കുട്ടികൾക്കായിട്ടുള്ള ദേശീയ കർമ്മ പദ്ധതികൾക്ക് ഭാരതം രൂപം നൽകിയിട്ടുണ്ട്. 1995 ലും 2004 ലും കേരളവും കുട്ടികൾക്കായുള്ള സംസ്ഥാന കർമ്മപദ്ധതി തയ്യാറാക്കി. കുട്ടികളുടെ സംരക്ഷണത്തിന് ഇതുവരെയുണ്ടായിരുന്ന നിയമങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടും ഭാരതത്തിൽ രൂപപ്പെടുത്തിയ നിയമമാണ് ബാലനീതി നിയമം 2015. ഈ നിയമം ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾ എന്നിങ്ങനെ രണ്ടായി തരംതിരിച്ച് പ്രത്യേകം സംരക്ഷണത്തിനും പുനരധിവാസത്തിനും ആവശ്യമായ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നു.

കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന പശ്ചാത്തലത്തിൽ ഭാരതസർക്കാർ ലൈംഗിക അതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്ന നിയമം 2012 പാസ്സാക്കിയിട്ടുണ്ട്. ലൈംഗിക അതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുക ലൈംഗിക അതിക്രമം നടത്തുന്നവരെ ശിക്ഷിക്കുക സാമൂഹ്യ സന്നദ്ധസംഘടനകളെയും സർക്കാർ

സംവിധാനങ്ങളെയും കുട്ടികളുടെ സംരക്ഷണത്തിന് ഫലപ്രദമായി ഉപയോഗിക്കുക എന്നിവയാണ് ഈ നിയമത്തിന്റെ ലക്ഷ്യങ്ങൾ.

ഐക്യരാഷ്ട്ര സഭയുടെ 2002 മേയ് മാസത്തിൽ കൂടിയ കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക സമ്മേളനം കുട്ടികൾക്ക് അനുയോജ്യമായ ഒരു ലോകം എന്ന ശീർഷകത്തോടുകൂടിയ ഒരു രേഖ അംഗീകരിച്ചതിന്റെ വെളിച്ചത്തിലാണ് 2005 ൽ കേന്ദ്ര സർക്കാർ ബാലാവകാശ സംരക്ഷണ കമ്മീഷൻ ആക്ട് എന്ന നിയമം പാസ്സാക്കിയത്. അതിന്റെ അടിസ്ഥാനത്തിൽ ദേശീയ തലത്തിലും ബാലാവകാശ കമ്മീഷനുകൾ സ്ഥാപിതമായി. 2013 ജൂൺ 3-ാം തീയ്യതിയിലാണ് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ നിലവിൽ വന്നത്. ഒരു ചെയർപേഴ്സണും ആറ് അംഗങ്ങളും ഉൾപ്പെടുന്നതാണ് കമ്മീഷന്റെ ഘടന. കുട്ടികൾക്കായുള്ള ക്ഷേമ പദ്ധതികളും സുരക്ഷാ ഏർപ്പാടുകളും പരിശോധിക്കുകയും പുന:പരിശോധിക്കുകയും ചെയ്യുക. കുട്ടികളുടെ അവകാശലംഘനങ്ങൾക്കെതിരെ നടപടികളെടുക്കുക, കുട്ടികൾക്കായുള്ള സേവനം ലഭ്യമല്ലാത്തപക്ഷം സ്വമേധയാ നടപിടി സ്വീകരിക്കുക പ്രശ്നങ്ങൾക്ക് പരിഹാരത്തിനാവശ്യമായ ശുപാർശകൾ നൽകുക എന്നിവയൊക്കൊയാണ് ഈ കമ്മീഷന്റെ പ്രധാന ചുമതലകൾ. കൂടാതെ കുട്ടികളുടെ സുരക്ഷിതത്വത്തിനായുള്ള സംയോജിത പരിപാടി (ICPS), സംയോജിത ശിശിവികസനപരിപാടി (ICDS), സർവ്വശിക്ഷാ അഭിയാൻ (SSA), നിർഭയ, ചൈൽഡ്ലൈൻ തുടങ്ങിയ പദ്ധതികളും ചില ഉദാഹരണങ്ങൾ ആണ്.

**2. ബാലനീതി നിയമം** (Juvenile Justice Act, 2015)

ഇന്ത്യൻ ഭരണഘടനയുടെ14,15,19,21,23,24,25 എന്നീ വകുപ്പുകൾ കുട്ടികളുടെ സുരക്ഷ ബാല്യത്തിനായി നിയമങ്ങളും വ്യവസ്ഥകളും സംവിധാനങ്ങളും അനുശാസിക്കുന്നതിനാലും കുട്ടികളുടെ സാർവ്വലൗകികമായ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി ഐക്യരാഷ്ട്ര സഭ മുന്നോട്ടുവച്ച കുട്ടികളുടെ അവകാശ ഉടമ്പടി 1992 ൽ ഭാരതം ഒപ്പുവച്ചതിനാലും രാജ്യത്തെ ഓരോ കുട്ടിക്കും സുരക്ഷിതമായ ബാല്യം നൽകുക എന്നത് ഭാരത്തിന്റെ കടമയാണ്. ഈ പശ്ചാത്തലത്തിലാണ് നാളിതുവരെ നിലനിന്നിരുന്ന കുട്ടികളെ സംബന്ധിക്കുന്ന നിയമങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ടും സുരക്ഷിത ബാല്യത്തിന് സമഗ്രമായ ഒരു നിയമം സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയത്.

| അദ്ധ്യായം | വകുപ്പ് | വിശദീകരണം |
|---|---|---|
| 1 | 1-2 | ആമുഖം |
| 2 | 3 | ശ്രദ്ധയും സംരക്ഷണവുമായി ബന്ധപ്പെട്ട പൊതുതത്വങ്ങൾ |
| 3 | 4-9 | ജുവനൈൽ ജസ്റ്റിസ് ബോർഡ് |

ഈ നിയമത്തിന്റെ പ്രധാന സവിശേഷതകൾ പരിശോധിക്കുമ്പോൾ വകുപ്പു 2(12) പ്രകാരം 0 മുതൽ 18 വയസ്സുവരെയുള്ള ഏതൊരാളെയും കുട്ടി എന്ന് നിർവ്വചിക്കുന്നു. കൂടാതെ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടി (Child in conflict with law) ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടി (Child in need of care & protection) എന്നിങ്ങനെ കുട്ടികളെ രണ്ടായി തരംതിരിക്കുകയും ചെയ്യുന്നു. ഗണം തിരിച്ച് ഏറ്റവും അനുയോജ്യമായ സേവനം കുട്ടിക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഈ നിയമം. കുട്ടികളെ രണ്ടു തരത്തിൽ നിർവ്വചിക്കുന്നത്.

**1. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ**

കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്നതോ ചെയ്തുവെന്ന് ബോദ്ധ്യപ്പെട്ടതോ ആയ കുട്ടികളെയാണ് നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ എന്ന് നിർവ്വചിക്കുന്നത്.

**2. ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ**

തെരുവുകുട്ടികൾ, ബാലവേല ചെയ്യുന്ന കുട്ടികൾ, ഭിക്ഷാടനം ചെയ്യുന്ന കുട്ടികൾ, അത്യാഹിതത്തിൽപ്പെടുന്ന കുട്ടികൾ,എച്ച്.ഐ.വി./എയ്ഡ്സ് ബാധിച്ച കുട്ടികൾ, ശാരീരികമായും ലൈംഗികവുമായ പീഡനത്തിനിരയായ കുട്ടികൾ, ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെട്ട കുട്ടികൾ, മാതാപിതാക്കൾ ഉപേക്ഷിച്ച കുട്ടികൾ തുടങ്ങിയവരാണ് ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ.

കുട്ടികളെ രണ്ടായി തരംതിരിക്കുന്നതിനൊപ്പം തന്നെ അവരുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും ആവശ്യമായ സംവിധാനങ്ങളും ഈ നിയമം ഉറപ്പാക്കുന്നു. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കുവേണ്ടി ജൂവനൈൽ ജസ്റ്റിസ് ബോർഡും, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കു വേണ്ടി ചൈൽഡ് വെൽഫയർ കമ്മിറ്റിയും എല്ലാ ജില്ലകളിലും രൂപീകരിക്കുവാൻ ഈ നിയമം നിർദ്ദേശിക്കുന്നു. ദത്തെടുക്കൽ, ഫോസ്റ്റർ കെയർ സ്പോൺസർഷിപ്പ്, എന്നിവയ്ക്കുവേണ്ടി കുട്ടികളുടെ സുരക്ഷിതത്വത്തിനായി സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം, സ്പെഷ്യൽ ഹോം തുടങ്ങിയവ സ്ഥാപിക്കുന്നതിനും ബാലനീതി നിയമം നിർദ്ദേശിക്കുന്നു.

**ജുവനൈൽ ജസ്റ്റിസ് ബോർഡ് (JJB)**

ബാലനീതി നിയമം 2015 ലെ 26-ാം വകുപ്പ് പ്രകാരം നിയമവുമായി പൊരുത്തപ്പെടാൻ സാധിക്കാത്ത അല്ലെങ്കിൽ കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ടിട്ടുള്ള കുട്ടികളുടെ കാര്യത്തിൽ തീർപ്പുകൽപ്പിക്കുന്ന സംവിധാനമാണ് ജൂവനൈൽ ജസ്റ്റിസ് ബോർഡ്. മൂന്ന് അംഗങ്ങൾ അടങ്ങുന്ന ഈ സംവിധാനത്തിൽ അതാത് ജില്ലകളിലെ ജുഡീഷ്യൽ ഫസ്റ്റ് മജിസ്ട്രേറ്റ്

ആണ് ചെയർമാൻ. രണ്ട് സാമൂഹിക പ്രവർത്തകർ കൂടി അംഗങ്ങളായുള്ള ഈ ബെഞ്ചിൽ കുറഞ്ഞത് ഒരു വനിതയുടെ പ്രാതിനിധ്യമെങ്കിലും ഉണ്ടായിരിക്കണം.

നിയമവുമായി പൊരുത്തപ്പെടാൻ സാധിക്കാത്ത കുട്ടികളെ അപ്രഹന്റ് ചെയ്യുന്ന പക്ഷം 24 മണിക്കൂറിനുള്ളിൽ ജുവനൈൽ ജസ്റ്റിസ് ബോർഡിനു മുമ്പാകെ ഹാജരാക്കേണ്ടതാണ്. അതാതു ജില്ലകളിലെ ഒബ്സർവേഷൻ ഹോമിലാണ് ബോർഡ് കൂടുന്നത്. ബാലനീതി നിയമം വകുപ്പ് 4 (1) പ്രകാരം നിയമവുമായി പൊരുത്തപ്പെടാൻ സാധിക്കാത്ത കുട്ടികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും തീർപ്പുകൽപ്പിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ജൂവനൈൽ ജസ്റ്റിസ് ബോർഡിനാണ്.

**ബാലാവകാശ ലംഘനങ്ങളും അവയ്ക്ക് ബാലനീതി നിയമം അനുശാസിക്കുന്ന ശിക്ഷകളും**

## ബാലനീതി നിയമം 2015

| വകുപ്പ് | കുറ്റം | ശിക്ഷ |
|---|---|---|
| 33 | ഏതെങ്കിലും കുട്ടികളെ ഉപേക്ഷിച്ചോ നഷ്ടപ്പെട്ടോ കിട്ടിയിട്ട് അറിയിക്കാതിരുന്നാൽ | 6 മാസം വരെ തടവും പിഴയും |
| 42 | ശ്രദ്ധയും പരിചരണവും-കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങൾ ബാല നീതി നിയമപ്രകാരം സർക്കാർ രജിസ്ട്രേഷൻ വാങ്ങിയില്ലെങ്കിൽ | 1 വർഷം വരെ തടവും 1 ലക്ഷം വരെ പിഴയും |
| 74 | കുറ്റകൃത്യങ്ങൾ ചെയ്ത കുട്ടികളുടെയോ വിവരങ്ങൾ പുറത്ത് വിടുക | 6 മാസം വരെ തടവും 2 ലക്ഷം വരെ പിഴയും |
| 75 | രക്ഷിതാവോ, കസ്റ്റോഡിയനോ കുട്ടികളെ ആക്രമിക്കുക, ഉപദ്രവിക്കുക, അവഗണിക്കുക അതിലൂടെ കുട്ടികൾക്ക് മാനസിക ശാരീരിക സമ്മർദ്ദം ഏൽപ്പിക്കുക | 3 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| 76 | ഭിക്ഷാടനത്തിന് കുട്ടികളെ ഉപയോഗിക്കൽ | 5 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |

| വകുപ്പ് | കുറ്റം | ശിക്ഷ |
|---|---|---|
| 77 | കുട്ടികൾക്ക് മദ്യം, പുകയില ലഹരി വസ്തുക്കൾ കൊടുക്കൽ | 7 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| 78 | മദ്യമോ മയക്കുമരുന്ന് വിൽപ്പനയ്ക്കോ വിതരണത്തിനോ കള്ളക്കടത്തിനോ കുട്ടിയെ ഉപയോഗിച്ചാൽ | 7 വർഷം വരെ കഠിന തടവും 1 ലക്ഷം രൂപ പിഴയും |
| 79 | കുട്ടികളെ അടിമവേല ചെയ്യിപ്പിക്കുകയോ ജോലി ചെയ്യിച്ച് സാമ്പത്തികമായി ചൂഷണം ചെയ്യുകയോ ചെയ്താൽ | 5 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| 80 | അനധികൃത്യതമായി കുട്ടികളെ ദത്ത് കൊടുക്കൽ | 3 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| 81 | കുട്ടികളെ വിൽക്കുകയോ വാങ്ങുകയോ ചെയ്താൽ | 5 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| 82 | സ്ഥാപനത്തിലെ അമിത ശിക്ഷ | 3 മാസം വരെ തടവും പിഴയും |
| 83 | പ്രശ്നങ്ങൾ ഉണ്ടാക്കാനായി കുട്ടികളെ ദുരുപയോഗം ചെയ്താൽ | 1 വർഷം വരെ തടവും 5 ലക്ഷം രൂപ പിഴയും |

## ചൈൽഡ് വെൽഫയർ കമ്മിറ്റി

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ കാര്യത്തിൽ തീർപ്പു കൽപ്പിക്കുന്നതിന് ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്ന സംവിധാനം രൂപപ്പെടുത്തുന്നതിന് ബാലനീതി നിയമം ശുപാർശ ചെയ്യുന്നു. എല്ലാ ജില്ലകളിലും ഈ സംവിധാനം ഉണ്ടാകണമെന്നും ഈ നിയമം പറയുന്നു. ഒരു ചെയർപേഴ്സണും 4 അംഗങ്ങളും ചേർന്നതാണ് ചൈൽഡ് വെൽഫയർ കമ്മിറ്റി.

ചെയർപേഴ്സൺ കുട്ടികളുടെ അവകാശസംരക്ഷണ മേഖലയിൽ പ്രവൃത്തി പരിചയമുള്ള ആളായിരിക്കണം. മറ്റംഗങ്ങളിൽ ഒരാളെങ്കിലും വനിത ആയിരിക്കണം. അംഗങ്ങളും കുട്ടികളുടെ അവകാശ സംരക്ഷണ പ്രവർത്തനങ്ങളിൽ പ്രാവീണ്യം ലഭിച്ച ആളുകളായിരിക്കണം. **ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ അധികാരങ്ങളാണ്** ചൈൽഡ് വെൽഫയർ കമ്മിറ്റിക്ക് നൽകിയിട്ടുള്ളത്. കേരളത്തിലെ പതിനാലു ജില്ലകളിലും ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ സേവനം ലഭ്യമാണ്.

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ ആർക്കുവേണമെങ്കിലും കമ്മിറ്റി മുൻപാകെയൊ ഒരു അംഗത്തിന്റെ മുൻപാകെയോ ഹാജരാക്കാവുന്നതാണ്. അതാതു ജില്ലകളിലുള്ള ചിൽഡ്രൻസ് CWC ഹോമിലാണ് കൂടുന്നത്.

## CWC യുടെ പ്രവൃത്തികളും ഉത്തരവാദിത്വവും

1. കമ്മിറ്റിക്കുമുമ്പാകെ ഹാജരാക്കുന്ന കുട്ടികളെ സ്വീകരിക്കുക
2. ഹാജരാക്കപ്പെടുന്ന കുട്ടികളുടെ കാര്യത്തിൽ തീരുമാനങ്ങൾ എടുക്കുക.
3. സ്വമേധയാ കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഏറ്റെടുത്ത് തീർപ്പാക്കുക.
4. കുട്ടികളുടെ സംരക്ഷണത്തിന് വെല്ലുവിളിയായി ഉണ്ടാകുന്ന സന്ദർഭങ്ങളിൽ അന്വേഷണം നടത്തുക.
5. ശ്രദ്ധയും സംരക്ഷണവും അഭയവും ഉറപ്പുവരുത്തുക.
6. ആവശ്യമെങ്കിൽ ഹാജരാക്കുന്ന കുട്ടികളുടെ വൈദ്യപരിശോധന നടത്തുകയും പ്രായം സ്ഥിരീകരിക്കുകയും ചെയ്യുക.
7. കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനോടൊപ്പം കാണാതെ പോകുന്ന കുട്ടികളെ കണ്ടെത്തുന്നതിനും വീടുകളിൽ തിരിച്ചെത്തിക്കുന്നതിനും ആവശ്യമായ നടപടികളെടുക്കുക.
8. കമ്മിറ്റിയുടെ നടപടിക്രമങ്ങളും ഓരോ കുട്ടിയെക്കുറിച്ചും എടുത്ത തീരുമാനവും എഴുതി തയ്യാറാക്കി സൂക്ഷിക്കുക.
9. ബാലസൗഹൃദ അന്തരീക്ഷം കമ്മിറ്റിയിൽ ഉറപ്പുവരുത്തുക.

10. കുഞ്ഞുങ്ങളില്ലാത്ത മാതാപിതാക്കൾക്ക് ഫോസ്റ്റർ കെയർ നടപടികളുടെ നിയമവ്യവസ്ഥ പരിശോധിക്കുകയും കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും ചെയ്യുക.
11. ദത്തെടുക്കുന്ന കുഞ്ഞുങ്ങളുടെ സാക്ഷ്യപത്രം നൽകുക.
12. കുട്ടികളെ പാർപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങൾ സന്ദർശിക്കുകയും ആ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.
13. കുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് മറ്റു സർക്കാർ വകുപ്പുകളുമായും സ്ഥാപനങ്ങളുമായും സംയോജിച്ച് പ്രവർത്തിക്കുക.
14. അതാത് ജില്ലകളിലെ സന്നദ്ധസംഘടനകൾ, ആശുപത്രികൾ, കൗൺസലിംഗ് സെന്ററുകൾ തുടങ്ങി കുട്ടികൾക്ക് സംരക്ഷണം നൽകുന്ന സ്ഥാപനങ്ങളുടെ മേൽവിലാസപ്പട്ടിക തയ്യാറാക്കി സൂക്ഷിക്കുക.

## ദത്തെടുക്കൽ, ഫോസ്റ്റർ കെയർ, സ്പോൺസർഷിപ്പ്

കുട്ടികളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും വേണ്ടി ബാലനീതി നിയമം നിർദ്ദേശിക്കുന്ന മറ്റ് സംവിധാനങ്ങളാണിവ.

**അഡോപ്ഷൻ :** കുട്ടികളെ ബയോജളിക്കൽ പാരെന്റ്സിൽ നിന്നും സ്ഥിരവും നിയമപരവുമായി വേർപെട്ട മറ്റൊരാളുടെ നിയമപരമായ എല്ലാ അവകാശങ്ങളോടുകൂടിയ കുട്ടികളായി മാറുന്ന സംവിധാനമാണ് ദത്തെടുക്കൽ

## ദത്തെടുക്കൽ Adoption

ദത്തെടുക്കൽ എന്നാൽ നിയമപരമായ എല്ലാ അവകാശങ്ങളോടു കൂടി കുട്ടിയെ സംരക്ഷണത്തിനായി ഏറ്റെടുക്കുക എന്നതാണ്. പൈതൃക അവകാശമെന്നപോലെ എല്ലാ കാര്യത്തിലും ഈ കുട്ടിക്കും അവകാശമുണ്ടായിരിക്കും. ദത്തെടുക്കൽ ആജീവനാന്തമാണ്.

## പോറ്റിവളർത്തൽ Foster Care

സ്വന്തം കുടുംബത്തിൽ നിർത്താനോ ദത്തുകൊടുക്കാനോ കഴിയാത്ത കുട്ടികളെ താൽക്കാലികമായി മറ്റൊരു കുടുംബത്തിൽ പാർപ്പിക്കാൻ അനുവദിക്കുന്നതിനെ ഫോസ്റ്റർ കെയർ എന്നു പറയുന്നു. ചൈൽഡ് വെൽഫയർ കമ്മിറ്റിയാണ് കുട്ടികളെ പോറ്റിവളർത്താൻ നൽകുന്നത്.

## വീട്ടിൽ നിർത്തി ധനസഹായം നൽകൽ Sponsorship

സമൂഹത്തിലെ ഏതൊരു കുട്ടിക്കും മെച്ചമായ ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കുവാനായി നൽകുന്ന സഹായങ്ങളെയാണ് സ്പോൺസർഷിപ്പ് എന്നു പറയുക. കുടുംബത്തോടൊപ്പം താമസിക്കാൻ കുട്ടിയെ സഹായിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് വഴിയാണ് ധനസഹായം നൽകുക.

**സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് SJPU**

നിയമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത കുട്ടികളെ സംബന്ധിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുവാനായി എല്ലാ ജില്ലയിലും ഒരു പ്രത്യേക പോലീസ് യൂണിറ്റ് സ്ഥാപിക്കണമെന്ന് ജുവനൈൽ പോലീസ് യൂണിറ്റ്. കുട്ടികളുമായി ഇടപഴകുവാൻ പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെയാണ് ഈ യൂണിറ്റിൽ നിയമിക്കേണ്ടത്. ഇപ്പോൾ ജില്ലയിൽ DCRB ആണ് ഈ പ്രവർത്തനത്തെ ഏകോപിപ്പിക്കുന്നത്.

**ബാല സംരക്ഷണ സദനങ്ങൾ**

ചിൽഡ്രൻസ് ഹോം – ശ്രദ്ധയും സംരക്ഷവും ആവശ്യമുള്ള കുട്ടികളെ പുനരധിവസിപ്പിക്കാനുള്ള സദനങ്ങൾ.

**ഒബ്സർവേഷൻ ഹോം** – നിയമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത കുട്ടികളെ താത്കാലികമായി സംരക്ഷിക്കുവാനുള്ള സദനങ്ങൾ.

**സ്പെഷ്യൽ ഹോം** – നിയമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത കുട്ടികളെ പുനരധിവസിപ്പിക്കാനുള്ള സദനങ്ങൾ.

**ഷെൽട്ടർ ഹോം** – സർക്കാരിന്റെ അംഗീകാരത്തോടുകൂടി അത്യാവശ്യഘട്ടങ്ങളിൽ താത്കാലികമായി കുട്ടികളെ സംരക്ഷിക്കുവാൻ വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടത്തുന്ന സദനങ്ങളെയാണ് ഷെൽട്ടർ എന്ന് പറയുന്നത്.

**3. ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം – 2012**

കുട്ടികൾ രാജ്യത്തിന്റെ സമ്പത്താണെന്ന തിരിച്ചറിവുണ്ടാകുകയും മാതാപിതാക്കൾ കുട്ടികളെ കരുതുന്നതിലും വളർച്ചയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും സർക്കാർ കുട്ടികൾക്കുവേണ്ടി വിവിധപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുമ്പോഴും കുട്ടികൾക്കെതിരായ അതിക്രമങ്ങൾ നിരന്തരം വർദ്ധിച്ചുവരികയാണ്. ഇതിനെ ഫലപ്രദമായി നേരിടാനുള്ള സമഗ്രമായ നിയമ സംവിധാനങ്ങളുടെ അപര്യാപ്തതയും അവബോധമില്ലായ്മയും ഒരു പരിധിവരെ ഇതിന് കാരണമായിട്ടുണ്ട്. ഈ പശ്ചാതലത്തിലാണ് ഇതേവരെ നിലവിലുള്ള നിയമങ്ങളെ പരിശോധിച്ച് വിലയിരുത്തി മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പുതിയ സമഗ്രമായ ഒരു നിയമം 2012 ൽ സർക്കാർ പ്രാബല്യത്തിൽ വരുത്തിയത്.

കൂടാതെ ഭരണഘടന കുട്ടികൾക്കായി പ്രത്യേക വ്യവസ്ഥകൾ ഉണ്ടാക്കുവാൻ അനുശാസിക്കുന്നതിനാലും കുട്ടികളുടെ അവകാശ ഉടമ്പടിയിൽ ഇന്ത്യ ഒപ്പുവച്ചിട്ടുള്ളതിനാലും ഇത് ഗവൺമെന്റിന്റെ ഉത്തരവാദിത്വം കൂടിയാണ്.

**ലൈംഗിക ആക്രമണങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന ആക്ട് 2012 നിർവചനം.**

ലൈംഗിക ആക്രമണം, ലൈംഗിക പീഡനം, അശ്ലീല തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിലും അങ്ങനെയുള്ള കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കുവേണ്ടി സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കും വേണ്ടിയാണ് ഈ നിയമം.

**എന്തിനുവേണ്ടി**

കുട്ടിയെ നിയമവിരുദ്ധമായി ലൈംഗിക കൃത്യങ്ങളിൽ ഏർപ്പെടാൽ പ്രേരിപ്പിക്കുകയും നിർബന്ധിപ്പിക്കുകയും ചെയ്യുക. വേശ്യവൃതിക്കോ മറ്റ് നിയമവിരുദ്ധ ലൈംഗിക പ്രവർത്തനങ്ങൾക്കോ വേണ്ടി കുട്ടികളെ ചൂഷണം ചെയ്യുക. അശ്ലീല വസ്തുക്കൾ നിർമ്മിക്കുന്നതിനും അവ അനുകരിക്കുന്നതിനും കുട്ടികളെ ചൂഷണം ചെയ്യുക എന്നീ സാഹചര്യങ്ങൾ ഫലപ്രദമായി തടയുന്നതിനു വേണ്ടിയാണ് ഇത്തരം ഒരു നിയമം സർക്കാർ പ്രാബല്യത്തിൽ വരുത്തിയത്.

**കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ**

കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങളെ ഈ നിയമം തരംതിരിച്ച് അതിനുള്ള നടപടിക്രമങ്ങളും ശിക്ഷയും വ്യവസ്ഥചെയ്യുന്നു.

| വകുപ്പ് | കുറ്റം | ശിക്ഷ |
|---|---|---|
| 3,4 | ലൈംഗിക കടന്നു കയറ്റത്തിലൂടെയുള്ള ആക്രമണം | 7 വർഷത്തിൽ കുറയാത്തും ജീവപര്യന്തംവരെ ആകാവുന്നതുമായ കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ടതടവുശിക്ഷയ്ക്കും പിഴയ്ക്കും |
| 5,6 | ഗൗരവകരമായ ലൈംഗിക കടന്നു കയറ്റത്തിലൂടെയുള്ള ആക്രമണം | 10 വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെയാകാവുന്നതുമായ കാലത്തേക്ക് കഠിന തടവിനും കൂടാതെ പിഴയ്ക്കും അർഹനാകുന്നതാണ്. |
| 7,9 | ലൈംഗിക ആക്രമണം | 3 വർഷത്തിൽ കുറയാത്തതും 5 വർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയ്ക്കും പിഴയ്ക്കും കൂടി അർഹനായിത്തീരുന്നതാണ്. |
| 9, 10 | ഗൗരവതരമായ ലൈംഗിക ആക്രമണം | 5 വർഷത്തിൽ കുറയാത്തതും 7 വർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയ്ക്കും കൂടാതെ പിഴശിക്ഷയ്ക്കുകൂടി അർഹനായിത്തീരുന്നതാണ്. |
| 11, 12 | ലൈംഗിക പീഡനം | 3 വർഷത്തിൽ കുറയാത്തതും അഞ്ചു വർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയ്ക്കും കൂടാതെ പിഴയ്ക്കും കൂടി അർഹനായിത്തീരുന്നതാണ്. |

| വകുപ്പ് | കുറ്റം | ശിക്ഷ |
|---|---|---|
| 13, 14 | അശ്ലീലകാര്യങ്ങൾക്കു വേണ്ടി കുട്ടിയെ ഉപയോഗിക്കൽ | 5 വർഷംവരെ ആകാവുന്ന തടവുശിക്ഷയ്ക്കും കൂടാതെ പിഴയ്ക്കും അർഹനാകു |
| 15 | കുട്ടി ഉൾപ്പെടുന്ന അശ്ലീല സാമഗ്രികൾ ശേഖരിച്ചുവച്ചാൽ | 3 വർഷംവരെ ആകാവുന്ന തടവുശിക്ഷയ്ക്കും കൂടാതെ പിഴയ്ക്കും അർഹനാകുന്നതുമാണ്. |
| 21 | കുറ്റകൃത്യം റിപ്പോർട്ട് ചെയ്യുന്നതിലോ റിക്കോർഡ് ചെയ്യുന്നതിലോ വീഴ്ച്ച വരുത്തിയാൽ | 6 മാസം വരെ ആകാവുന്ന തടവുശിക്ഷയ്ക്കും കൂടാതെ പിഴയ്ക്കും അർഹനാകുന്നതാണ്. |
| 23 | മാധ്യമങ്ങളിലെ റിപ്പോർട്ടിലൂടെയും കുട്ടിയെ തിരിച്ചറിയുന്ന തരത്തിൽ അയാളുടെ പേര്, വിലാസം, ഫോട്ടോ, കുടുംബവിവരങ്ങൾ, സ്കൂൾ, അ്യൽവാസം അല്ലെങ്കിൽ കുട്ടിയെ തിരിച്ചറിയാൻ സഹായിക്കുന്ന തരത്തിലുള്ള മറ്റ് വിവരങ്ങൾ അടങ്ങിയ റിപ്പോർട്ടുകൾ വെളിപ്പെടുത്തിയാൽ | 6 മാസത്തിൽ കുറയാത്തതും ഒരു വർഷംവരെ ആകാവുന്നതുമായ തടവിനും അല്ലെങ്കിൽ പിഴയ്ക്കും അല്ലെങ്കിൽ രണ്ടിനും കൂടി ശിക്ഷാർഹമാണ്. |

**കുറ്റകൃത്യങ്ങളുടെ റിപ്പോർട്ടിംഗ്**

19– ാം വകുപ്പു പ്രകാരം ആർക്കെങ്കിലും (കുട്ടിയടക്കം) ഈ നിയമപ്രകാരമുള്ള കുറ്റകൃത്യം നടക്കാൻ സാധ്യതയുണ്ടെന്ന് ആശങ്കയുണ്ടെങ്കിലോ, അത്തരം കുറ്റകൃത്യം നടന്നു എന്ന് അറിവുണ്ടെങ്കിലോ അയാൾ അത്തരം അറിവ്

എ. സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിന് അല്ലെങ്കിൽ

ബി. ലോക്കൽ പോലീസ് നൽകേണ്ടതാണ്.

19 (2) ഉപവകുപ്പ് (1) റിപ്പോർട്ട് അനുസരിച്ച് പോലീസ് ചെയ്യേണ്ടത്.

19 ബി വിവരം നൽകിയ ആളിനെ വായിച്ചു കേൾപ്പിക്കണം

19 സി. പോലീസ് യൂണിറ്റിൽ വെച്ചിട്ടുള്ള ബുക്കിൽ രേഖപ്പെടുത്തണം

കുട്ടിക്ക് ഉള്ളടക്കം മനസ്സിലാകുന്ന ലളിതമായ ഭാഷയിലായിരിക്കണം രേഖപ്പെടുത്തേണ്ടത്.

**മൊഴി രേഖപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ**

| വകുപ്പ് | വിവരണം |
|---|---|
| 24 | കുട്ടിയുടെ മൊഴി കുട്ടിയുടെ വീട്ടിൽവച്ചോ അല്ലെങ്കിൽ സാധാരണ ഗതിയിൽ താമസിക്കുന്ന സ്ഥലത്ത് വച്ചോ അല്ലെങ്കിൽ കുട്ടിയ്ക്ക് താത്പര്യമുള്ള സ്ഥലത്തുവച്ചോ കഴിയുന്നിടത്തോളം സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു വനിതാ പോലീസ് ഓഫീസർ റിക്കോർഡ് ചെയ്യേണ്ടതാണ്. |
| 25 | കുട്ടിയുടെ മൊഴി മജിസ്ട്രേറ്റ് രേഖപ്പെടുത്തുന്ന വിധം കുട്ടി പറയുന്നത് അതുപോലെ തന്നെ റിക്കോർഡ് ചെയ്യേണ്ടതാണ്. (ക്രിമിനൽ നടപടിക്രമം – 164) |
| 26 | കുട്ടിയുടെ രക്ഷാകർത്താക്കളുടെയോ അല്ലെങ്കിൽ കുട്ടിക്ക് വിശ്വാസമുള്ള ആളുടെയോ ഉറ്റമിത്രത്തിന്റെയോസാന്നിദ്ധ്യത്തിൽ കുട്ടി പറയുന്ന അതേ രീതിയിൽ തന്നെ ആയിരിക്കണം മൊഴി രേഖപ്പെടുത്തേണ്ടത്. |
| 27 | പീഡനത്തിന് ഇരയായത് പെൺകുട്ടിയാണെങ്കിൽ വൈദ്യപരിശോധന നടത്തേണ്ടത് ഒരു വനിതാ ഡോക്ടർ ആയിരിക്കണം. |
| 28 | സംസ്ഥാന സർക്കാർ ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി കൂടിയാലോജിച്ച് ഗസറ്റ് വിജ്ഞാപനത്തിലൂടെ ഈ നിയമ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുവാനായി ഓരോ ജില്ലയിലും ഒരു സെഷൻസ് കോടതിയെ സ്പെഷ്യൽ കോടതിയായി നിയോഗിക്കേണ്ടതാണ്. |
| 34. | കുട്ടിയാണ് കുറ്റകൃത്യം ചെയ്യുന്നതെങ്കിൽ അതിന് പാലിക്കേണ്ട നടപടക്രമവും സ്പെഷ്യൽ കോടതി വയസ്സ് നിർണ്ണയിക്കുന്ന രീതിയും ബാലനീതി ആക്ട് (കുട്ടികളുടെ പരിചരണവും സംരക്ഷണവും) വ്യവസ്ഥ കൾക്കനുസൃതമായിരിക്കും. |

37 കുട്ടിയുടെ രക്ഷാകർത്താക്കളുടെയൊ കുട്ടിക്ക് പൂർണ്ണവിശ്വമുള്ള മറ്റൊരാളുടെയൊ സാന്നിദ്ധ്യത്തിൽ രഹസ്യമായിട്ടായിരിക്കണം വിചാരണ നടത്തേണ്ടത്.

കുട്ടികളുടെ ശരിയായ വികാസത്തിനും സ്വകാര്യതയ്ക്കുള്ള അഴകാശം സംരക്ഷിക്കുവാൻ കുട്ടികളുമായി ബന്ധപ്പെട്ട നിയമ നടപടികളുടെ രഹസ്യാത്മകത കാത്തുസൂക്ഷിച്ചുകൊണ്ടും നിയമം പ്രാവർത്തികമാക്കന്ന ഓരോ ഘട്ടത്തിലും കുട്ടിയുടെ ഉത്തമ താത്പര്യത്തിനും നന്മയ്ക്കും പരമപ്രധാനം നൽകക്കൊണ്ടും നിയമം നടപ്പിലാക്കാൻ നമുക്ക് കഴിയണം ഇതിലൂടെ ആരോഗ്യപരമായ ശാരീരക, മാനസിക, ബൗദ്ധിക, സാമൂഹിക വികാസം ഉറപ്പുവരുത്തിക്കൊണ്ട് നമ്മുടെ കുട്ടികളെ ഭാവിയിലേക്ക് തയ്യാറെടുപ്പിക്കുന്ന പ്രക്രിയയിൽ നമ്മുക്കും പങ്കാളികളാകാം

## ഇന്ത്യൻ പീനൽകോഡ്

ഇന്ത്യൻ ശിക്ഷാ നിയമത്തിലെ പുതിയ ഭേദഗതികൾ കുട്ടികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ കൂടുതൽ കഠിനമായ ശിക്ഷകൾ നിർദ്ദേശിക്കുന്നു. പന്ത്രണ്ട് വയസിൽ താഴെയുള്ള പെൺകുട്ടികളെ ബലാൽസംഗത്തിനിരയാക്കുന്നത് മരണ ശിക്ഷയും നൽകാവുന്ന കുറ്റമായി മാറ്റിയിട്ടുണ്ട്.

| വകുപ്പ് | കുറ്റം | ശിക്ഷ |
|---|---|---|
| 376 (3) | 16 വയസ്സിന് താഴെയുള്ള പെൺകുട്ടികളെ ബലാൽസംഗം ചെയ്യുന്നത് | 20 വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ തടവും കൂടാതെ പിഴയും |
| 376(AB) | 12 വയസ്സിന് താഴെയുള്ള പെൺകുട്ടികളെ ബലാൽസംഗം ചെയ്യുന്നത് | വധശിക്ഷയോ ജീവപര്യന്തം തടവും പിഴയും |
| 376(DA) | 16 വയസ്സിന് താഴെയുള്ള പെൺകുട്ടികളെ കൂട്ടബലാൽസംഗത്തിനിരയാക്കുന്നത് | സംഘത്തിൽപ്പെട്ട ഓരോ അംഗത്തിനും ജീവപര്യന്തം തടവും പിഴയും |
| 376 (DB) | 12 വയസ്സിന് താഴെയുള്ള പെൺകുട്ടികളെ കൂട്ടബലാൽസംഗത്തിനിരയാക്കിയാൽ | സംഘത്തിൽപ്പെട്ട ഓരോ അംഗത്തിനും വധശിക്ഷയോ, ജീവപര്യന്തം വരെ തടവും പിഴയും |

## 4. ബാലാവകാശ സംരക്ഷണ സംവിധാനങ്ങൾ

### 1. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ (KCSCPCR)

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി പ്രവർത്തിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു സംവിധാനമാണ് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ദേശീയ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കമ്മീഷൻ Kerala State Commission for Protection of Child Rights എന്ന പേരിൽ അറിയപ്പെടുന്നു. 2005 ബാലാവകാശ സംരക്ഷണ കമ്മീഷൻ നിയമം ഭാരതം പാസ്സാക്കി. ഈ നിയമത്തിന്റെ ഉദ്ദേശം എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ബാലാവകാശങ്ങൾ സംരക്ഷിക്കുന്ന തിനുള്ള ദേശീയ കമ്മീഷനും സംസ്ഥാനതല കമ്മീഷനും രൂപീകരിക്കുക എന്നുള്ളതാണ്. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ നിലവിൽ വരുന്നത് 2013 ജൂൺ 3-ാം തീയ്യതിയാണ്. ഒരു ചെയർപേഴ്സണും ആറ് അംഗങ്ങളും ഉൾപ്പെടുന്നതാണ് കേരളത്തിലെ കമ്മീഷന്റെ ഘടന.

### പ്രധാന ചുമതലകൾ

കുട്ടികൾക്കായുള്ള ക്ഷേമപദ്ധതികളും സുരക്ഷാ ഏർപ്പാടുകളും പരിശോധിക്കുക.

കുട്ടികളുടെ അവകാശ ലംഘനങ്ങൾക്കെതിരെ നടപടിയെടുക്കുക.

കുട്ടികൾക്കായുള്ള സേവനം ലഭ്യമല്ലാത്തപക്ഷം സ്വമേധയാ നടപടികൾ സ്വീകരിക്കുക.

പ്രശ്നങ്ങൾക്ക് പരിഹാരത്തിനാവശ്യമായ ശുപാർശകൾ സ്വീകരിക്കുക.

### കമ്മീഷന്റെ പ്രവർത്തനങ്ങൾ

ബാലാവകാശങ്ങൾ ഉറപ്പാക്കുന്നതിനും ബാലാവകാശ ലംഘനങ്ങൾ അന്വേഷണ വിചാരണ ചെയ്യുന്നതിനും പ്രോസിക്യൂഷനുൾപ്പെടെയുള്ള നടപടികൾ ആവശ്യപ്പെടുന്നതിനും ബാലാവകാശ സംരക്ഷണ കമ്മീഷന് അധികാരമുണ്ട്.

ഏതൊരാളെയും വിളിച്ചു വരുത്തുന്നതിനും തെളിവെടുക്കാനും രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടുവാനും ഒരു സിവിൽ കോടതിയ്ക്ക് പോലെ കമ്മീഷന് അധികാരമുണ്ട്.

കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ ആക്ട് 2009 അഥവാ RTE Act (Right of Children to Free and Compulsory Education Act, 2009), കുട്ടികളെ ലൈഗിംക കുറ്റകൃത്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള അധികാരവും സംസ്ഥാന ബാലാവകാശ സംരക്ഷണ നിക്ഷിപ്തമാണ്.

കുട്ടികളുടെ വിദ്യാഭ്യാസ അവകാശം നിരീക്ഷിക്കുന്നതിന് ഓൺലൈൻ സംവിധാനമായ നിരീക്ഷണ നിലവിലുണ്ട്. ഈ സംവിധാനത്തിൽ കുട്ടികൾക്ക് വിദ്യാഭ്യാസ സംബന്ധമായ സംശയനിവാരണത്തിനായി ഒരു ഓൺലൈൻ ചാറ്റ് റും. പരാതികൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം എന്നിവയും ഒരുക്കിയിട്ടുണ്ട്. കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kescpcr.kerala.gov.in മുഖേന കുട്ടികൾക്ക് നിരീക്ഷയിലേക്ക് പ്രവേശിക്കാവുന്നതാണ്.

കുട്ടികളെ ലൈഗിംക കുറ്റകൃത്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് 2012 പ്രകാരം കേസുകളിൽ നടപടികൾ ശിശുസൗഹാർദ്ദപരമാണോ എന്ന കാര്യം കമ്മീഷൻ നിരീക്ഷിച്ചു വരുന്നു. ഇത്തരം കേസുകളുടെ നടപടി സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാന പോലീസ് വകുപ്പിൽ നിന്നും കമ്മീഷന് ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം പ്രാബല്യത്തിൽ കൊണ്ടുവന്ന ആദ്യ ദക്ഷിണേന്ത്യൻ സംസ്ഥാനമാണ് കേരളം. മേൽപ്പറഞ്ഞ കാര്യം നിരീക്ഷിക്കുന്നതിനായി കമ്മീഷനിൽ ഒരു പോക്സോ മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്.

കുട്ടികൾക്കെതിരെയുള്ള എല്ലാവിധ അതിക്രമങ്ങളും കുറ്റകൃത്യങ്ങളും ഇല്ലാതാക്കി ഭയരഹിതവും ശിശുസൗഹാർദ്ദപരവുമായ ഒരു അന്തരീക്ഷത്തിൽ ജീവിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കുകയാണ് കമ്മീഷന്റെ പ്രധാന ലക്ഷ്യം.

**2. ചൈൽഡ് വെൽഫയർ കമ്മിറ്റി**

ചെയർപേഴ്സൺ കുട്ടികളുടെ അവകാശസംരക്ഷണ മേഖലയിൽ പ്രവർത്തി പരിചയമുള്ള ആളായിരിക്കണം. മറ്റംഗങ്ങിൽ ഒരാളെങ്കിലും വനിത ആയിരിക്കണം. അംഗങ്ങളും കുട്ടികളുടെ അവകാശ സംരക്ഷണ പ്രവർത്തനങ്ങളിൽ പ്രാവീണ്യം ലഭിച്ച ആളുകളായിരിക്കണം. **ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ** അധികാരങ്ങളാണ് ചൈൽഡ് വെൽഫയർ കമ്മിറ്റിക്ക് നൽകിയിട്ടുള്ളത്. കേരളത്തിലെ പതിനാലു ജില്ലകളിലും ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ സേവനം ലഭ്യമാണ്.

**3. ഡിസ്ട്രിക്റ്റ് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്**
**(ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്)**

ഭാരതത്തിലാകമാനം കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനും നിയമവുമായി പൊരുത്തപ്പെടാൻ സാധിക്കാത്ത കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനും ഒട്ടനവധി സംവവിധാനങ്ങളാണ് പ്രവർത്തിക്കുന്നത്. ഈ സംവിധാനങ്ങളുടെയെല്ലാം ഏകോപനത്തിനാണ് കേന്ദ്രസർക്കാർ സംയോജിത ബാല സംരക്ഷണ പദ്ധതി (Integrated Child Protection Scheme) ആരംഭിക്കുന്നത്. കുട്ടികളുടെ അവകാശ സംരക്ഷണവും

അവരുടെ മികച്ച താൽപര്യങ്ങളും ഉറപ്പാക്കുകയാണ് ഐ.സി.പി.എസ്. പദ്ധതിയുടെ പ്രധാന തത്ത്വങ്ങൾ. 12-ാം പഞ്ചവൽസരപദ്ധതിയിലാണ് ഐ.സി.പി.എസിന് രൂപം നൽകുന്നത്. 2009-10 വർഷത്തിൽ ഈ പദ്ധതിപ്രകാരമുള്ള പ്രവർത്തനങ്ങൾ ഭാരതത്തിലങ്ങോളമിങ്ങോളം പ്രാവർത്തികമാകാൻ തുടങ്ങി. അന്നു തൊട്ട് ICPS പദ്ധതി എന്ന കുടക്കീഴിൽ കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന എല്ലാ പദ്ധതികളേയും ഏകോപിപ്പിക്കാനും പുതിയവ തുടങ്ങുകയും ചെയ്തു. അതിൻപ്രകാരം എല്ലാ സംസ്ഥാനങ്ങളിലും സംസ്ഥാന ബാലസംരക്ഷണ യൂണിറ്റും ജില്ലാ ബാലസംരക്ഷണ യൂണിറ്റുകളും പ്രവർത്തനം ആരംഭിച്ചു. കേരളത്തിൽ 2014 മുതൽ എല്ലാ ജില്ലകളിലും ജില്ലാ ബാലസംരക്ഷണ യൂണിറ്റ് നിലവിൽ വന്നു. എല്ലാ ജില്ലകളിലും ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഭീസറും സാമൂഹിക പ്രവർത്തകരും കൗൺസിലർമാരും, ഔട്ട്റീച്ച് വർക്കർമാരും അടങ്ങുന്ന 12 അംഗ ടീമാണ് പ്രവർത്തിക്കുന്നത്.

**അവർ റെസ്പോസിബിലിറ്റി റ്റു ചിൽഡ്രൻ (ORC)**

കുട്ടികൾ തന്നെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പ്രവണത കൂടി വരുന്നതായിട്ടാണ് ഗവേഷണങ്ങൾ പറയുന്നത്. പല സാഹചര്യങ്ങൾ കാരണമാണ് ഇത് സംഭവിക്കുന്ന്. അങ്ങനെയുള്ള കുട്ടികളെ കണ്ടെത്തുകയും അവ രെ നേരായ വഴിക്കു നയിക്കുകയും ചെയ്യുന്ന സംവിധാനമാണ് അവർ റെസ്പോസിബിലിറ്റി റ്റു ചിൽഡ്രൻ ചെയ്യുന്നത്. കുട്ടികളുമായി ബന്ധപ്പെട്ട പല വിഷയങ്ങളിലേയും വിദഗ്ധരായ ആളുകളും അദ്ധ്യാപകരും, സന്നദ്ധ പ്രവർത്തകരും കൗസിലർമാരും അടങ്ങുന്ന ഒരു കൂട്ടായ്മയാണ് എല്ലാ ജില്ലകളിലും അവർ റെസ്പോസിബിലിറ്റി റ്റു ചിൽഡ്രന്റെ പ്രവർത്തനങ്ങളെ നയിക്കുന്നത്. തെറ്റിൽ അകപ്പെടാൻ സാധ്യതയുള്ള കുട്ടികളെ മനസ്സിലാക്കി അവർക്ക് വിദ്യാഭ്യാസവും കൗൺസിലിംഗും നൽകി മികച്ച പൗരന്മാരാക്കുകയാണ് അവർ റെസ്പോസിബിലിറ്റി റ്റു ചിൽഡ്രന്റെ ലക്ഷ്യങ്ങൾ. എല്ലാ ഡി.സി.പി.യുകളോടു ചേർന്നാണ് അവർ റെസ്പോസിബിലിറ്റി റ്റു ചിൽഡ്രൻ പ്രവർത്തിക്കുന്നത്.